LIBRARY ARCHIVES Kerala Legislative Assembly

റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ നിയമനം

276 (2020) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ തസ്തികകളിലേക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയ എത്ര പേർക്ക് പ്രസ്തുത തസ്തികയിൽ നിയമന ഉത്തരവ് നല്കിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഇപ്പോൾ റിസർവ് കണ്ടക്ടർ, ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്, നിയമന ശിപാർശ ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ റിസർവ് കണ്ടക്ടർ തസ്തികയിൽ പി. എസ്. സി. നിയമനോപദേശം നൽകിയിട്ടുള്ള 9,300 പേരിൽ 8,750 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 550 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റിസർവ് ഡ്രൈവർ തസ്തികയിൽ നിയമനോപദേശം നൽകിയ 5225 പേരിൽ 5085 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 140 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ കണ്ടക്ടർ, ഡ്രൈവർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഇല്ല. നിയമന ശിപാർശ ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ടക്ടർ നിയമനം

277 (2021) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാരുടെ എത്ര സ്ഥിരം ഒഴിവുകളാണ് ഉള്ളതെന്നും അവയിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ച എത്ര പേർക്ക് ഇനിയും കണ്ടക്ടർ തസ്തികയിൽ നിയമനം നൽകാനുണ്ടെന്നും നൽകാത്തതിന്റെ കാരണവും വിശദീകരിക്കുമോ;

(സി) മുഴുവൻ പേർക്കും നിയമനം ലഭിക്കാൻ നടപടി സ്വീകരിക്കുമോ?